ഭരണഭാഷ-മാതൃഭാഷ

നം.ഐ.ഇ.ഡി./228251/2020/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 25/09/2021
ഫോൺ : 0471 2580531, 2580589.
ഇ-മെയിൽ : supdtied.dge@kerala.gov.in

# പരിപത്രം

വിഷയം: എസ്.എസ്.എൽ.സി. പരീക്ഷ മാർച്ച് 2022 - സവിശേഷ സഹായം ആവശ്യമുള്ള കുട്ടികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷാനുകൂല്യം നൽകുന്നത് സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :1) സ.ഉ(ആർ.റ്റി)നം.110/05/പൊ.വി.വ തീയതി:06.01.2005.
2) സ.ഉ(എം.എസ്)നം.135/88/പൊ.വി.വ തീയതി:01.09.1988.
3) സ.ഉ(എം.എസ്)നം.61/98/പൊ.വി.വ തീയതി:18.02.1998.
4) സ.ഉ(ആർ.റ്റി)നം.3834/2014/പൊ.വി.വ തീയതി:26.09.2014.
5) സ.ഉ(കൈ)നം.63/2018/പൊ.വി.വ തീയതി:15.05.2018
6) സ.ഉ(കൈ)നം.133/2019/പൊ.വി.വ. തീയതി : 30.08.2019
7) എം.എച്ച്.ആർ.ഡി. വിജ്ഞാപനം എസ്.ഒ.76(ഇ) തീയതി 04.01.2018.

മേൽ സൂചനകൾ പ്രകാരം 2022 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷയെഴുതുന്ന 40% മോ അതിലധികമോ വൈകല്യമുള്ള താഴെപ്പറയുന്ന വിഭാഗം പരീക്ഷാർത്ഥികൾക്ക് അർഹമായ പരീക്ഷ ആനുകൂല്യങ്ങൾ അനുവദിക്കുന്നതാണ്.

1. കാഴ്ചവൈകല്യം (VI) (Blindness)
2. ലോവിഷൻ (എൽ.വി.) (Low vision)
3. ലെപ്രസി ക്യുവേർഡ് (Leprosy cured persons)
4. ശ്രവണവൈകല്യം (HI) (Hearing Impairment-Deaf and Hard of hearing)
5. ലോകോ-മോട്ടോർ ഡിസ്എബിലിറ്റി (Loco-motor Disability)
6. ഡ്വാർഫിസം (Dwarfism)
7. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ (MR) (Mentally Retarded, Intellectual disability)
8. മെന്റൽ ഇൽനസ്സ് (Mental Illness)
9. ഓട്ടിസം (Autism Specturm Disorder)
10. മസ്തിഷ്ക സംബന്ധമായ വൈകല്യം (CP) (Cerebral Palsy)
11. മസ്കുലർ ഡിസ്ട്രോഫി (Muscular Distrophy)
12. ക്രോണിക് ന്യൂറോളജിക്കൽ കണ്ടീഷൻസ് (Chronic Neurological Conditions)
13. പഠനവൈകല്യം (LD) (Specific Learning Disability)
14. മൾട്ടിപ്പിൾ സ്ക്ലീറോസിസ് (Multiple Sclerosis)
15. സ്പീച്ച് ആന്റ് ലാങ്വേജ് ഡിസ്എബിലിറ്റി (Speech and language Disability)
16. തലാസ്സീമിയ (Thalassemia)
17. ഹീമോഫീലിയ (Hemophilia)
18. സിക്കിൾസെൽ ഡിസീസ് (Sickle Cell Diseases)
19. മൾട്ടിപ്പിൾ ഡിസ്എബിലിറ്റീസ് ഇൻക്ലൂഡിംഗ് ഡെഫ്ബ്ലൈൻഡ്നസ്സ് (Multiple Disabilities including Deafblindness)
20. ആസിഡ് അറ്റാക്ക് വിക്ടിം (Acid Attack Victim)
21. പാർക്കിൻസൺസ് ഡിസീസ് (Parkinson's Disease)

GHS MUTTOM BLOG

പരീക്ഷാനുകൂല്യങ്ങൾ ലഭിക്കുന്നതിനായി വിദ്യാർത്ഥികൾ 40% മോ അതിലധികമോ വൈകല്യമുണ്ടെന്ന് തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് (സ്കൂൾ പ്രധാന അദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയത്) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ***ഒറിജിനൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് യാതൊരു കാരണവശാലും അപേക്ഷയോടൊപ്പം ഈ ഡയറക്ടറേറ്റിൽ സമർപ്പിക്കുവാൻ പാടുള്ളതല്ല.***

(1) പഠനവൈകല്യമുള്ള കുട്ടികൾ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം വൈകല്യം തെളിയിക്കുന്നതിനുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. മേൽ സൂചന (7) പ്രകാരം ആർ.പി.ഡബ്ല്യൂ.ഡി. ആക്ട് മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സ്പെസിഫിക് ലേണിംഗ് ഡിസ്എബിലിറ്റി സർട്ടിഫൈ ചെയ്യുന്ന അതോറിറ്റിയിൽ പീഡിയാട്രിഷ്യൻ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൂപ്രണ്ട്/സിവിൽ സർജൻ/ ചീഫ് മെഡിക്കൽ ഓഫീസർ/ഒക്യുപേഷണൽ തെറാപ്പിസ്റ്റ്/സ്പെഷ്യൽ എജ്യൂക്കേറ്റർ എന്നിവർ ഉൾപ്പെടുന്ന മെഡിക്കൽ ബോർഡും കൂടാതെ 'ഇന്റലെക്ചൽ ഡിസ്എബിലിറ്റി' സർട്ടിഫൈ ചെയ്യുന്ന അതോറിറ്റിയിൽ പീഡിയാട്രീഷ്യൻ/പീഡിയാട്രിക് ന്യൂറോളജിസ്റ്റ്/സൈക്യാട്രിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, മെഡിക്കൽ സൂപ്രണ്ട്/ചീഫ് മെഡിക്കൽ ആഫീസർ/ സിവിൽ സർജൻ എന്നിവർ ഉൾപ്പെടുന്ന മെഡിക്കൽ ബോർഡ് നൽകുന്ന സാക്ഷ്യപത്രം എസ്.എസ്.എൽ.സി. പരീക്ഷാനുകൂല്യം നൽകുന്നതിന് പരിഗണിക്കുന്നതാണ്.

(2) 2022 മാർച്ചിൽ പരീക്ഷയെഴുതുന്ന വിദ്യാർത്ഥികളുടെ പരീക്ഷ ആനുകൂല്യങ്ങൾക്ക് വേണ്ടിയുള്ള അപേക്ഷകൾ ***(എസ്.എൽ.ഡി. അഥവാ പഠനവൈകല്യം ഉള്ളവർ ഒഴികെയുള്ളവർ)*** പ്രധാന അദ്ധ്യാപകർ അനുബന്ധ രേഖകൾ സഹിതം ***2021 ഒക്ടോബർ 20-ന്*** മുൻപായി അതത് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്.

(3) ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പരീക്ഷാ ഇളവുകൾക്ക് അർഹരായ ഭിന്നശേഷിക്കാരായ പരീക്ഷാർത്ഥികളുടെ അപേക്ഷകൾ ***(എസ്.എൽ.ഡി. അഥവാ പഠനവൈകല്യം ഉള്ളവർ ഒഴികെയുള്ളവർ)***, വിദ്യാർത്ഥികളുടെ ക്രോഡീകരിച്ച സ്റ്റേറ്റ്മെന്റ്, ശുപാർശ ചെയ്യുന്ന ഇളവുകൾ സഹിതം രേഖാമൂലവും സി.ഡി.യിലും (എക്സൽ ഫോർമാറ്റിൽ) അനുബന്ധ രേഖകളോടൊപ്പം **2021 ഒക്ടോബർ 31 ന് മുൻപായി പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.** നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും ഡി.ഇ.ഒ. മാർ സ്വീകരിക്കുവാൻ പാടുള്ളതല്ല. ***എസ്.എൽ.ഡി. അഥവാ പഠനവൈകല്യം ഉള്ള വിദ്യാർത്ഥികളുടെ അപേക്ഷകൾ 2022 ജനുവരി 15 ന്*** **പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.**

(4) പരീക്ഷാനുകൂല്യത്തിനുള്ള അപേക്ഷകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ച സമയത്തിനുള്ളിൽ തന്നെ സമർപ്പിക്കേണ്ടതാണ്. അല്ലാത്തവ സ്വീകരിക്കുന്നതല്ല.

(5) ലക്ഷദ്വീപിലെ പരീക്ഷാർത്ഥികളുടെ അപേക്ഷകൾ എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേനയും ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള അപേക്ഷകൾ തിരുവനന്തപുരം ജില്ലാവിദ്യാഭ്യാസ ഓഫീസർ മുഖേനയുമാണ് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടത്.

(6) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻ കീഴിലെ റ്റി.എച്ച്.എസ്.എൽ.സി. പരീക്ഷാർത്ഥികളുടെ അപേക്ഷ സ്ഥാപന മേലധികാരി വഴി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.

(7) ശ്രവണവൈകല്യം (HI), ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ (MR) എന്നീ വിഭാഗം വിദ്യാർത്ഥികൾക്ക് മാത്രമേ ഗ്രേസ് മാർക്കിന് അർഹതയുള്ളു.

(8) അനർഹരായ വിദ്യാർത്ഥികൾ പരീക്ഷാനുകൂല്യങ്ങൾ നേടുന്നുവെന്ന് ബോദ്ധ്യപ്പെട്ടാൽ അവ ഏത് സമയത്തും പിൻവലിക്കാനുള്ള പൂർണ്ണ അധികാരം പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിക്ഷിപ്തമാണ്. കൂടാതെ ഇത്തരം ആനുകൂല്യങ്ങൾ ശുപാർശ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരേ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(9) പരീക്ഷാനുകൂല്യങ്ങൾ അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് www.education.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ടി പട്ടികയിൽ എന്തെങ്കിലും ആക്ഷേപം ഉള്ള പക്ഷം പട്ടിക പ്രസിദ്ധീകരിച്ച് ഒരാഴ്ചയ്ക്കകം അനുബന്ധ രേഖകൾ സഹിതം അതാത് ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ് :

1. സെക്രട്ടറി, പരീക്ഷാ ഭവൻ, പൂജപ്പുര.
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ ഹൈസ്കൂൾ പ്രധാന അദ്ധ്യാപകർക്കും (ഡി.ഇ.ഓ. മുഖേന)
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി.@ സ്കൂൾ (ഗവ.വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. ഓഫീസ് കോപ്പി

## എസ്.എസ്.എൽ.സി. മാർച്ച് 2022 – സവിശേഷ സഹായം ആവശ്യമുള്ള വിദ്യാർത്ഥികൾക്കുള്ള പരീക്ഷാനുകൂല്യങ്ങൾ

ശ്രവണവൈകല്യം (HI), കാഴ്ചവൈകല്യം (VI), ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ (MR), ഓട്ടിസം, മസ്തിഷ്ക സംബന്ധമായ വൈകല്യം (CP), അസ്ഥിസംബന്ധമായ വൈകല്യം (OH), ഹീമോഫീലിയ, പഠനവൈകല്യം എന്നീ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയിൽ താഴെ നിഷ്കർഷിക്കുന്ന പ്രകാരമാണ് പരീക്ഷ ആനുകൂല്യങ്ങൾ അനുവദിക്കുന്നത്.

### A) കാഴ്ചക്കുറവുള്ള വിദ്യാർത്ഥികൾ (Visually impaired)

i) ഓരോ മണിക്കൂറിനും പത്ത് മിനിറ്റ് വീതവും ബ്രെയ്‌ലി ലിപിയിൽ പരീക്ഷയെഴുതുന്നവർക്ക് 15 മിനിറ്റ് വീതവും അധികമായി ലഭിക്കുന്നതാണ്.

ii) ഗ്രാഫ്, ഡ്രോയിംഗ്, ഡയഗ്രംസ്, ജോമെട്രിക്കൽ ഫിഗേഴ്സ് തുടങ്ങിയ ചോദ്യങ്ങളിൽ നിന്നും ആവശ്യമെങ്കിൽ ഒഴിവാക്കുന്നതാണ്.

iii) ആവശ്യമെങ്കിൽ ഉത്തരം കേട്ടെഴുതുന്നതിന് ഒരു സഹായിയെ (സ്ക്രൈബ്) അനുവദിക്കുന്നതാണ്.

iv) ആവശ്യമെങ്കിൽ ഈ വിഭാഗം വിദ്യാർത്ഥികൾക്ക് കണക്കു വിഷയം ഒഴിവാക്കാവുന്നതും പകരം കംപ്യൂട്ടർ വിദ്യാഭ്യാസം, റാട്ടൺ വർക്ക്, വോക്കൽ മ്യൂസിക്ക്, ഇൻസ്ട്രുമെന്റൽ മ്യൂസിക്ക് എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കാവുന്നതുമാണ്.

### B) ശ്രവണ വൈകല്യമുള്ള വിദ്യാർത്ഥികൾ (Hearing Impaired)

i) ഈ വിഭാഗം കുട്ടികളുടെ ഭാഷാ ജ്ഞാനക്കുറവ് പരിഗണിച്ച് അവർ എഴുത്തു പരീക്ഷയിൽ നേടുന്ന മാർക്കിന്റെ 25% ഗ്രേസ് മാർക്കായി ലഭിക്കുന്നതാണ്.

ii) ആവശ്യമെങ്കിൽ ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ഒന്നാം ഭാഷ, രണ്ടാം ഭാഷ ഇവയിലേതെങ്കിലും ഒന്നും കൂടാതെ ഹിന്ദിയും ഒഴിവാക്കാവുന്നതാണ്. ഒഴിവാക്കുന്ന വിഷയങ്ങൾക്ക് പകരമായി (a) കംപ്യൂട്ടർ വിദ്യാഭ്യാസം (b) ഹോർട്ടികൾച്ചർ (c) കേറ്ററിംഗ് (d) ഡ്രോയിംഗ് ആന്റ് പെയിന്റിംഗ് എന്നീ വിഷയങ്ങളിൽ താല്പര്യമുള്ളവ തെരഞ്ഞെടുക്കേണ്ടതാണ്. ഒന്നാം ഭാഷയിൽ രണ്ടു പേപ്പറുകൾ ഉള്ളതിനാൽ അവയ്ക്ക് പകരമായി മേൽപ്പറഞ്ഞ വിഷയങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം തെരഞ്ഞെടുക്കേണ്ടതാണ്.

iii) ഓരോ പേപ്പറിനും മണിക്കൂറിന് പത്ത് മിനിറ്റ് അധിക സമയവും ആവശ്യമെങ്കിൽ വ്യാഖ്യാതാവിന്റെ സേവനവും അനുവദിക്കുന്നതാണ്.

### C) ശാരീരികമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ (Loco Motor Disability/ OH), സെറിബ്രൽ പാൾസി (CP)

i) ശാരീരിക വൈകല്യം മൂലം കൈകൾ സ്വതന്ത്രമായി ചലിപ്പിക്കാൻ കഴിയാത്ത പരീക്ഷാർത്ഥികൾക്ക് ഓരോ മണിക്കൂറിനും 10 മിനിട്ട് വീതം അധിക സമയം അനുവദിക്കുന്നതാണ്.

ii) ഗ്രാഫ്, ഡയഗ്രം, ഡ്രോയിംഗ്, ജോമട്രിക്കൽ ഫിഗേഴ്സ് എന്നീ ചോദ്യങ്ങളിൽ നിന്ന് ആവശ്യമെങ്കിൽ ഒഴിവാക്കുന്നതാണ്.

iii) കൈകൾ ഉപയോഗിച്ച് എഴുതാൻ സാധിക്കാത്ത കുട്ടികൾക്ക് ഉത്തരം കേട്ടെഴുതുന്നതിന് സഹായിയെ (സ്ക്രൈബ്) അനുവദിക്കുന്നതാണ്.

**D) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ (Mental Retardation and Autism)**

ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് മുകളിൽ സൂചിപ്പിച്ച A,B,C വിഭാഗക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച് അനുവദിക്കുന്നതാണ്. ഈ വിഭാഗം വിദ്യാർത്ഥികൾക്ക് തീയറി പേപ്പറുകൾക്ക് ലഭിക്കുന്ന മാർക്കിന്റെ 25% ഗ്രേസ് മാർക്ക് പരീക്ഷ പാസ്സാകുന്നതിനു വേണ്ടി മാത്രമായി അനുവദിക്കുന്നതാണ്. സ്ക്രൈബ്, ഇന്റർപ്രെട്ടർ ഇവയിൽ ഏതെങ്കിലും ഒരാളുടെ സേവനം മാത്രമേ ലഭിക്കുകയുള്ളൂ. ആയതിനാൽ ഏതെങ്കിലും ഒരാളുടെ സേവനം മാത്രമേ ആവശ്യപ്പെടാൻ പാടുള്ളൂ.

**E) പഠനവൈകല്യം (Specific Learning Disability – SLD/LD)**

1) സ്ക്രൈബ്, ഇന്റർപ്രെട്ടർ ഇവയിൽ ഏതെങ്കിലും ഒരാളുടെ സേവനം മാത്രമേ ലഭിക്കുകയുള്ളൂ.
2) ഒരു പേപ്പറിന് മണിക്കൂറിന് 10 മിനിട്ട് അധിക സമയവും ആവശ്യമെങ്കിൽ വ്യാഖ്യാതാവിന്റെ സേവനവും ലഭിക്കുന്നതാണ്.
3) പഠനവൈകല്യമുള്ള കുട്ടികളിൽ ഡിസ്ഗ്രാഫിയ വിഭാഗത്തിന് ആവശ്യമെങ്കിൽ ഒന്നാം ഭാഷ, രണ്ടാം ഭാഷ ഇവയിൽ ഏതെങ്കിലും ഒന്നും കൂടാതെ ഹിന്ദിയും ഒഴിവാക്കാവുന്നതാണ്.
4) ഒഴിവാക്കുന്ന വിഷയങ്ങൾക്ക് പകരമായി (a) കംപ്യൂട്ടർ വിദ്യാഭ്യാസം, (b) ഹോർട്ടികൾച്ചർ, (c) കേറ്ററിംഗ്, (d) ഡ്രോയിംഗ് & പെയിന്റിംഗ് എന്നീ വിഷയങ്ങളിൽ താൽപര്യമുള്ളവ തെരഞ്ഞെടുക്കേണ്ടതാണ്.
5) ഒന്നാം ഭാഷയിൽ 2 പേപ്പറുകൾ ഉള്ളതിനാൽ അവയ്ക്ക് പകരമായി മേൽ പറഞ്ഞ വിഷയങ്ങളിൽ ഏതെങ്കിലും 2 വിഷയങ്ങൾ തെരഞ്ഞെടുക്കേണ്ടതാണ്.
6) പഠനവൈകല്യമുള്ള കുട്ടികളിൽ ഡിസ്കാൽക്കുലിയ വിഭാഗത്തിന് കണക്ക് വിഷയം ഒഴിവാക്കുകയോ അല്ലെങ്കിൽ പ്രസ്തുത വിഷയത്തിന് മാത്രമായി വ്യാഖ്യാതാവിന്റെ സേവനം ആവശ്യപ്പെടുകയോ ചെയ്യാവുന്നതാണ്.
7) കണക്ക് വിഷയം ഒഴിവാക്കുന്ന പരീക്ഷാർത്ഥികൾ പകരമായി കംപ്യൂട്ടർ വിദ്യാഭ്യാസം, റാട്ടൺ വർക്സ്, വോക്കൽ മ്യൂസിക്ക് എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ പരീക്ഷ എഴുതേണ്ടതാണ്.

**F) ഹീമോഫീലിയ രോഗബാധിതരായ പരീക്ഷാർത്ഥികൾ**

1) ഓരോ പേപ്പറിനും മണിക്കൂറിന് 10 മിനിറ്റ് അധികസമയം
2) ആവശ്യമെങ്കിൽ സ്ക്രൈബിന്റെയോ ഇന്റർപ്രെട്ടറുടെയോ (ഏതെങ്കിലും ഒരാളുടെ) സേവനം
3) സ്ക്രൈബിന്റെ സേവനം അനുവദിക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഡ്രോയിംഗ്, ഡയഗ്രം, ജ്യോമെട്രിക്കൽ ഫിഗേഴ്സ് തുടങ്ങിയവയിൽ നിന്നുള്ള ഇളവ് എന്നിവ അനുവദിക്കുന്നതാണ്.

(എ) മുതൽ (ഇ) വരെയുള്ള വിഭാഗങ്ങളിൽപ്പെട്ട ഏതെങ്കിലും പരീക്ഷാർത്ഥി ഒരു വിഷയത്തിന് പകരം മറ്റ് വിഷയങ്ങൾ തെരഞ്ഞെടുക്കുകയാണെങ്കിൽ ടി വിഷയങ്ങളുടെ പരീക്ഷ എസ്.എസ്.എൽ.സി. പൊതുപരീക്ഷകൾക്ക് ശേഷം അതാത് ജില്ലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന സെന്ററുകളിൽ വച്ച് കേരള പരീക്ഷാഭവൻ നടത്തുന്നതാണ്. പ്രസ്തുത പരീക്ഷയുടെ തീയതി പരീക്ഷാഭവനിൽ നിന്നും ലഭിക്കുന്നതാണ്. ഒന്നിലേറെ വിഷയങ്ങൾ ഒഴിവാക്കി പകരം വിഷയം തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾ വ്യത്യസ്ഥ വിഷയങ്ങൾ 'ഓപ്ഷനായി' തെരഞ്ഞെടുക്കേണ്ടതാണ്. ഭാഷാവിഷയങ്ങൾ, കണക്ക് എന്നിവ ഒഴിവാക്കുന്ന കുട്ടികളുടെ നിരന്തര മൂല്യനിർണ്ണയം (C.E.) നടത്തേണ്ടത് അവർ പകരം തെരഞ്ഞെടുക്കുന്ന വിഷയങ്ങളിൽ തന്നെ ആയിരിക്കണം.

- മറ്റ് വിഭാഗങ്ങളിൽപ്പെടുന്ന വൈകല്യമുള്ളവർക്ക് ആയതു തെളിയിക്കുന്ന മെഡിക്കൽബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അർഹമായ ആനുകൂല്യങ്ങൾ നൽകുന്നതാണ്.
- സ്ക്രൈബ്, ഇന്റർപ്രെട്ടർ തുടങ്ങിയ സഹായികൾ കൊവിഡ് പ്രോട്ടോക്കോൾ പാലിച്ചു വേണം തങ്ങളുടെ സേവനം ലഭ്യമാക്കേണ്ടത്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ